വായ്പയെടുക്കുന്നതിനുള്ള ഉയർന്ന പരിധി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ നിശ്ചിത ശതമാനമായി താഴെ പറയും പ്രകാരം നിശ്ചയിച്ചിരിക്കുന്നു: (ശതമാനത്തിൽ)

സാമ്പത്തിക വർഷം	ആഭ്യന്തര ഉൽപാദനത്തിന്റെ ശതമാനം
2011-12	3.5
2012-13	3.5
2013-14	3.0
2014-15	3.0

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആഭ്യന്തര ഉൽപാദനത്തിൽ ഓരോ വർഷവുമുണ്ടായ വർദ്ധനവ് താഴെ നൽകുന്നു:

സാമ്പത്തിക വർഷം	നിലവിലെ വിലനിലവാരമനുസരിച്ച്	സ്ഥിരവില നിലവാരമനുസരിച്ച്
2006-07	12.38	7.9
2007-08	13.89	8.77
2008-09	14.78	7.22
2009-10	14.57	9.73

(ഡി) 2011-12-ൽ വായ്പാപരിധി മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ നാല് ശതമാനമാക്കി വർദ്ധിപ്പിക്കണമെന്ന കേരളത്തിന്റെ ആവശ്യത്തിൻമേൽ കേന്ദ്ര സർക്കാരിൽനിന്നും അനുകൂലമായ പ്രതികരണമല്ല ലഭിച്ചിട്ടുള്ളത്.

ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

10(*160) ശ്രീ. കെ. കെ. ഷാജു :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും വ്യക്തമാക്കുമോ;

(ബി) ഇവ നിർവ്വഹിക്കുന്നതിൽ പ്രസ്തുത വകുപ്പിന് ലക്ഷ്യം കൈവരിക്കുവാനായോ എന്ന് വിശദമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ മുന്നു കോടിയിലധികം വരുന്ന ജനങ്ങളുടെ ഉപഭോക്തൃ സംരക്ഷണത്തിനായി നിലവിലുള്ള ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇല്ലെങ്കിൽ ഇതുപരിഹരിക്കുന്നതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ):

(എ) വ്യാപാര, വ്യവസായ, വാണിജ്യ മേഖലകളിൽ ഉപയോഗിക്കുന്ന അളവു തൂക്ക ഉപകരണങ്ങൾ നിശ്ചിത സ്റ്റാൻഡേർഡുകളുമായി നിശ്ചിത കാലാവധിയ്ക്കുള്ളിൽ ഒത്തുനോക്കി കൃത്യതയും, സ്റ്റാൻഡേർഡും ഉറപ്പു വരുത്തി മുദ്ര ചെയ്ത് നൽകുക, അളവു തൂക്ക നിയമലംഘനം, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസിന്റെ ലംഘനം എന്നിവ കണ്ടെത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുക എന്നിവയാണ് ലീഗൽ മെട്രോളജി വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ ചുമതലകളും കർത്തവ്യങ്ങളും.

(ബി) നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളും നിലവിലുള്ള ജീവനക്കാരുടെ സേവനവും പ്രയോജനപ്പെടുത്തി കൈവരിക്കാവുന്ന പരമാവധി ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

(സി&ഡി) പര്യാപ്തമല്ല. ഇത് പരിഹരിക്കുന്നതിനായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് ലീഗൽ മെട്രോളജി വകുപ്പിൽ വർക്ക് സ്റ്റഡി നടത്തി അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു.

ഭരണപരിഷ്കരണ കമ്മിറ്റിയുടെ ശിപാർശകൾ

11(*161) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണപരിഷ്കരണ കമ്മിറ്റിയുടെ ഏതെല്ലാം ശിപാർശകൾ നടപ്പാക്കാനാണ് നടപടി സ്വീകരിച്ചത്;

(ബി) എന്തെല്ലാം ശിപാർശകളാണ് നാളിതുവരെ നടപ്പാക്കിയത്;

(സി) പ്രസ്തുത ശിപാർശകൾ നടപ്പാക്കുവാൻ നാളിതുവരെ എന്തു തുക ചെലവ് ചെയ്തു ;

(ഡി) ഇതിൽ എന്തെല്ലാം ശിപാർശകൾ പൂർണ്ണമായി നടപ്പാക്കി ;

(ഇ) ഇനി ഏതെല്ലാം ശിപാർശകൾ നടപ്പാക്കാനുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ):

(എ&ബി) കാലഹരണപ്പെട്ട നിയമങ്ങൾ ഒഴിവാക്കാനും നിലവിലുള്ള നിയമങ്ങൾ പരിഷ്കരിക്കാനും നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു. ഭരണ വകുപ്പിന്റെയും വകുപ്പദ്ധ്യക്ഷൻമാരുടെയും ധനപരമായ അധികാരങ്ങൾ വർദ്ധിപ്പിച്ചു. ഓഫീസുകളിൽ അറ്റൻഡൻസ് പരിശോധന കർശനമാക്കി.

LIBRARY ARCHIVES Kerala Legislative Assembly